(രജിസ്റ്റർ ചെയ്ത് കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി.8/2131/2016

കേരള സംസ്ഥാന
ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.
തീയതി:19.12.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴവിലം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴവിലം ഗ്രാമപഞ്ചായത്ത് - 2015-16-സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 -ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ / തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം കെ.എസ് .എ.റ്റി.വി.എം.ജി.പി.8 /2131/2016 തീയതി: 19.12.2016

<u>തിരുവനന്തപുരം ജില്ലയിലെ കിഴവിലം ഗ്രാമപഞ്ചായത്തിന്റെ</u>

<u>2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള</u>

<u>ഓഡിറ്റ് റിപ്പോർട്ട്.</u>

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.16 മുതൽ 25.11.16 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 10എണ്ണം നൽകിയതിൽ എല്ലാത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

<u>(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ ജമാലുദ്ദീൻ.എ

(ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 24.11.2016മുതൽ 30.11.2016വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ. എ. നിസാമുദ്ദീൻ

(ഓഡിറ്റ് ഓഫീസർ)

ശ്രീ.രാജൻ വി .ഡി

(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീമതി. സ്മിത പി.എസ്

(സീനിയർ ഗ്രേഡ് ഓഡിറ്റർ)

ശ്രീ.ബിനിഷ് ജി.

(സീനിയർ ഗ്രേഡ് ഓഡിറ്റർ)

<u>(ബി)നിർവ്വഹണാധികാരികൾ</u>

പ്രസിഡന്റ് : ശ്രീമതി. വിനീത എസ് (01-04-2015 മുതൽ 31.10.15 വരെ)

ശ്രീ. എ അൻസാർ (19-11-2015 മുതൽ 31.03.16 വരെ)

സെക്രട്ടറി : ശ്രീ. എൻ വിജയകുമാർ (01-04-2015 മുതൽ 31.3.16 വരെ)

<u>നിർവഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി ഷീല വി.കെ | 01-04-2015 മുതൽ 24.7.15 വരെ |
| | ശ്രീമതി ജിജി വി.വി | 25-07-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. മേരിക്കുട്ടി തോമസ് | 01-04-2015 മുതൽ 02.7.15 വരെ |
| | ഡോ. ദീപ രവി | 03-07-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. അനിൽ കുമാർ | 01-04-2015 മുതൽ 31.3.16 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ജോയി എസ്.ഡി | 01-04-2015 മുതൽ 17.6.15 വരെ |
| | ഡോ. വിനീത | 17-06-2015 മുതൽ 31.3.16 വരെ |
| വെറ്റിനറി സർജൻ | ഡോ. എ നസീർ | 01-04-2015 മുതൽ 31.3.16 വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി താഹിറ ബീഗം | 01-04-2015 മുതൽ 28.12.15 വരെ |
| | ശ്രീമതി ഷാജില ബീവി | 28-12-2015 മുതൽ 31.3.16 വരെ |
| വി.ഇ.ഒ | ശ്രീ സതീശൻ ബി | 01-04-2015 മുതൽ 31.3.16 വരെ |
| കൃഷി ഓഫീസർ | ശ്രീ വിപിൻ | 01-04-2015 മുതൽ 31.3.16 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി ശശികല എം.എസ് | 01-04-2015 മുതൽ 31.3.16 വരെ |

| | | |
|---|---|---|
| അസി.സെക്രട്ടറി | ശ്രീമതി ബി സുജ കുമാരി | 01-04-2015 മുതൽ 31.3.16 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തനത് വരുമാനം. | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | പണബാക്കി പരിശോധന | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| | ഭാഗം 2 | | |
| 12 | ഡി. & ഒ. ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല | 2-1 | |

| | | | |
|---|---|---|---|
| 13 | പരസ്യ നികുതി ഈടാക്കുന്നില്ല | 2-2 | |
| | ഭാഗം 3 | | |
| 14 | പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ | 3-1 | |
| 15 | എസ്.എസ്.എ ഫണ്ട് - തുക നിഷ്ക്രിയം | 3-2 | |
| 16 | പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടി - മാർഗരേഖാ വിരുദ്ധം | 3-3 | |
| 17 | എച്ച്.എം നിർവഹിച്ചത് മാർഗരേഖ അംഗീകരിക്കാത്ത പദ്ധതികൾ | 3-4 | |
| 18 | കാർഷികമേഖലയ്ക്ക് പ്രത്യേക പരിഗണന അനിവാര്യം | 3-5 | |
| 19 | അനർഹർക്ക് തൊഴിൽരഹിതവേതനം - പരിശോധിക്കണം | 3-6 | |
| 20 | തെരുവുവിളക്കുകളുടെ പരിപാലനം - മീറ്ററിംഗ് സംവിധാനം ഇല്ല | 3-7 | |
| 21 | പഞ്ചായത്ത് ഓഫീസ് നവീകരണം- മൾട്ടിപർപ്പസ് സ്കാനർ വാങ്ങൽ-ഫണ്ടിന്റെ ദുർവിനിയോഗം | 3-8 | |
| 22 | ആശ്രയ പദ്ധതി - കുടുംബശ്രീഫണ്ട് പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് വകമാറ്റി - തുടർസേവനപ്രവർത്തനങ്ങൾ അവതാളത്തിൽ | 3-9 | |
| 23 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം | 3-10 | |
| 24 | കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല | 3-11 | |
| | ഭാഗം 4 | | |
| 25 | സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 26 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |

| | | | |
|---|---|---|---|
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 30 | ഓഡിറ്റ് റിക്കവറി | 4-6 | |
| 31 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.15 തീയതിയിലെ I-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 177154173 /- രൂപ വരവും 175047000/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 86224436/- രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 67186227/- രൂപയുമാണ്. ബജറ്റ് പ്രകാരമുള്ള വരവ്-ചെലവും യഥാർഥ വരവ്-ചെലവും തമ്മിലുള്ള അന്തരം കുറയ്ക്കാൻ യാഥാർഥ്യ ബോധത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകം പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകം പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 07.07.16 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| - | - | - |

*(ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു)*

## 1-4 സാമ്പത്തിക വിശകലനം

(റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം)

മുന്നിരിപ്പ് : 45796146 /-

വരവ് : 40428290 /-

ആകെ : 86224436 /-

ചെലവ് : 67186227/-

നീക്കിയിരിപ്പ് : 19038209 /-

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രെഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 6871643 | 0 | + 9475835 | 16347478 | 13820985 | 2526493 |
| വികസനഫണ്ട് എസ്.സി.പി. | 7121833 | 5084012 | - 3556833 | 8649012 | 8649012 | - |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | - |
| സംരക്ഷണഗ്രാന്റ് (റോഡ്) | 6533869 | 8683499 | 0 | 15217368 | 15217368 | - |
| സംരക്ഷണഗ്രാന്റ് (നോൺ റോഡ്) | 1221360 | 758297 | 0 | 1979657 | 1979657 | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 3736460 | 6263976 | - 2075943 | 7924493 | 7924493 | - |
| പെർഫോമൻസ് ഗ്രാന്റ് | 3843059 | 131649 | - 3843059 | 131649 | 131649 | - |
| എം.ജി.എൻ. ആർ.ഇ.ജി.എസ് | 17986 | 23650025 | 0 | 23668011 | 23666000 | 2011 |
| ബി-ഫണ്ട് | 0 | 50081030 | 0 | 50081030 | 50081030 | - |
| ജനറൽ പർപ്പസ് ഫണ്ട് | 11052926 | 9982007 | 0 | 21034933 | 5998974 | 15035959 |

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 161 | 89019775 | 103 | 52092635 | 13 | 45 | 64 |

## 1-7 തനതുവരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | | | |
| തൊഴിൽ നികുതി | 959480 | 1250680 | + 291200 |
| കെട്ടിട നികുതി | 2870604 | 2575142 | - 295462 |
| നികുതിയേതര വരവുകൾ | | | |
| ലേലം | 59690 | 244600 | + 184910 |
| ഷോപ്പിംഗ് കോംപ്ലക്സ് | 223025 | 38068 | - 184957 |
| ഡി ആന്റ് ഒ ലൈസൻസ് | 68931 | 143100 | + 74169 |
| മറ്റു വരവുകൾ | 1358936 | 678293 | - 680643 |
| ആകെ | 5540666 | 4929883 | - 610783 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 672840 | 544 |
| വിധവാപെൻഷൻ | 17436320 | 1614 |
| കർഷക തൊഴിലാളി പെൻഷൻ | 3597840 | 370 |
| വാർധക്യകാല പെൻഷൻ | 23914200 | 2582 |
| വികലാംഗ പെൻഷൻ | 3876870 | 350 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 374960 | 32 |

## 1-9 പണബാക്കി പരിശോധന

1994 -ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള പണബാക്കി പരിശോധന 26.11.2016 രാവിലെ 10.25 മണിക്ക് സ്ഥാപനത്തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4196/- രൂപ പണബാക്കി യുള്ളതായി ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

തൊഴിൽനികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനതുവരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ, സ്റ്റോക്ക് രജിസ്റ്റർ മുതലായവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കും പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. വരുമാനങ്ങളുടെ നിജസ്ഥിതി

ഉറപ്പാക്കുന്നതിനും അവ വർദ്ധിപ്പിക്കുന്നതിനും പ്രസ്തുത രജിസ്റ്ററുകളുടെ പരിപാലനം അനിവാര്യമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 01.11.16 – 04.11.16 | 10/16 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06.11.03 – 22.11.03 | 1997-98 - 2002-03 | 04.03.04 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി. & ഒ. ലൈസൻസ് - ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

1996 ലെ കേരള പഞ്ചായത്ത് രാജ് നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങളിലെ ചട്ടം 5 പ്രകാരം എഴുതി സൂക്ഷിക്കേണ്ട ട്രേഡേഴ്സ് ലിസ്റ്റ് 2015-16 കാലയളവിലേത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കിഴവിലം ഗ്രാമ പഞ്ചായത്തിൽ 20 വാർഡുകളാണ് ഉള്ളത്. വാർഡിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ പരിശോധന നടത്തി ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ ശേഖരിച്ച് തുടർനടപടി സ്വീകരിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് പൂർണ്ണമായി തയ്യാറാക്കി സൂക്ഷിക്കേണ്ടതും, ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-2 പരസ്യ നികുതി ഈടാക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, സെക്ഷൻ 209 പ്രകാരം പഞ്ചായത്ത് പരിധിയിൽ പൊതുജനങ്ങൾക്ക് കാണത്തക്കവണ്ണം ഏതെങ്കിലും പരസ്യം പ്രദർശിപ്പിക്കുന്ന ഏതൊരാളും സർക്കാരിന്റെ അംഗീകാരത്തോടുകൂടി ഗ്രാമ പഞ്ചായത്ത് പ്രമേയം മൂലം നിശ്ചയിക്കുന്ന നിരക്കിൽ നികുതി ഒടുക്കേണ്ടതാണ്. പഞ്ചായത്ത് ബൈലോ പാസ്സാക്കി പണം പിരിച്ചെടുക്കുന്നതിനുള്ള അവകാശം ലേലത്തിൽ നൽകേണ്ടതാണ്. എന്നാൽ 2015-16 കാലയളവിൽ പരസ്യ നികുതി പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7തീയതി 30-11-2016) പരസ്യ നികുതി ഈടാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കാൻ 23.11.2016-ൽ ചേർന്ന ധനകാര്യ കമ്മിറ്റിയുടെ ശുപാർശ 30.11.2016ൽ ചേർന്ന പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠ്യേന അംഗീകരിച്ചിട്ടുണ്ടെന്നും കരട് ബൈലാ പ്രസിദ്ധീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പരസ്യ നികുതി പിരിവ് കാര്യക്ഷമമാക്കി തനത് വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പദ്ധതി നിർവ്വഹണത്തിലെ അപാകങ്ങൾ

പദ്ധതി നിർവ്വഹണത്തിൽ നിർവഹണോദ്യോഗസ്ഥർ കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതുണ്ട്. ഫണ്ടിന്റെ ലഭ്യത ഉറപ്പാക്കിയും പ്രാഥമിക പഠനം നടത്തിയും മാർഗരേഖ അനുശാസിക്കുന്ന തരത്തിൽ പ്രായോഗികമായി നടപ്പിലാക്കാൻ കഴിയുന്ന പദ്ധതികൾക്ക് പ്രഥമ പരിഗണന നൽകേണ്ടതും, അംഗീകാരം ലഭ്യമാകുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുമാണ്.

നിർവഹണോദ്യോഗസ്ഥർ വിനിയോഗ സാക്ഷ്യപത്രവും മോണിറ്ററിംഗ് റിപ്പോർട്ടും ഫയലുകളിൽ സൂക്ഷിച്ചു വരുന്നില്ല. പദ്ധതികൾക്കായി ചെലവഴിക്കുന്ന തുകയുടെ ശരിയായ വിനിയോഗ വിവരം ലഭ്യമാകുന്നതിന്

വിനിയോഗ സാക്ഷ്യപത്രവും പദ്ധതി നിർവഹണത്തിലെ കാര്യക്ഷമതയും കൃത്യതയും ഉറപ്പാക്കി തുടർ നിരീക്ഷണങ്ങൾ നടത്തുന്നതിന് മോണിറ്ററിംഗ് റിപ്പോർട്ടും അത്യന്താപേക്ഷിതമാണ്. മേലിൽ ഇത്തരം കാര്യങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 എസ്.എസ്.എ ഫണ്ട് - തുക നിഷ്ക്രിയം

എസ്.എസ്.എ ഫണ്ട് വർഷങ്ങളായി വിനിയോഗിക്കപ്പെടുന്നില്ല. വാർഷിക ധനകാര്യ പത്രിക പ്രകാരം എസ്.എസ്.എ ഫണ്ടിൽ 1054000/- രൂപ മുന്നിരിപ്പും 186000/- രൂപ തൻവർഷ വരവും ഉൾപ്പെടെ 1240000/- രൂപ ആകെ വരവുണ്ട്. എന്നാൽ 2015-16 വർഷത്തിലും തുകയൊന്നും ചെലവഴിക്കാതെ മുഴുവൻ തുകയും അക്കൗണ്ടിൽ അവശേഷിക്കുന്നു. യാതൊരു പ്രയോജനവുമില്ലാതെ എസ്.എസ്.എ ഫണ്ട് നിഷ്ക്രിയമായി നിലനിർത്തുന്നതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം. 6, തീ : 29.11.16) സെക്രട്ടറി നല്കിയ മറുപടിയിലൂടെ ഈ തുക 2017-18 വർഷത്തെ എസ്.എസ്.എ പ്രവർത്തനങ്ങൾക്കായി പദ്ധതിയിൽ വകയിരുത്തി നിയമാനുസൃതം ചെലവഴിക്കുന്നതാണെന്ന് അറിയിച്ചു.

## 3-3 പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടി - മാർഗരേഖാ വിരുദ്ധം

പദ്ധതിയുടെ പേര് : പാലിയേറ്റീവ് കെയർ

പദ്ധതിനമ്പർ : എസ്.ഒ. 28/16

നിർവഹണോദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (പി.എച്ച്.സി)

പാലിയേറ്റീവ് കെയർ പദ്ധതിയിൽ പാലിയേറ്റീവ് കെയർ നഴ്സിന് ഓണറേറിയം, കമ്മ്യൂണിക്കേഷൻ അലവൻസ് എന്നിവ നൽകാനാണ് മാർഗരേഖ അനുശാസിക്കുന്നത്. എന്നാൽ കിഴുവിലം ഗ്രാമപഞ്ചായത്തിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ, ഇവയ്ക്കു പുറമേ, പാലിയേറ്റീവ് കെയർ നഴ്സിന് യാത്രാപ്പടിയായി 1800/- രൂപ അനുവദിച്ചുനൽകിയിരിക്കുന്നു. മാർഗരേഖാ വിരുദ്ധമായി ഇനിമേൽ ഇത്തരം ചെലവുകൾക്ക് ഫണ്ട് വിനിയോഗിക്കാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 3-4 എച്ച്.എം നിർവ്വഹിച്ചത് മാർഗരേഖ അംഗീകരിക്കാത്ത പദ്ധതികൾ

1) എസ്.ഒ 102/16 (ക്ലബ്ബുകൾക്ക് ഫർണിച്ചർ വാങ്ങൽ) - 12-ാം പഞ്ചവത്സര പദ്ധതി മാർഗരേഖ അംഗീകരിക്കാത്ത പദ്ധതി രൂപീകരിച്ച് പഞ്ചായത്തിന്റേതല്ലാത്ത സ്ഥാപനങ്ങൾക്കായി തനതു ഫണ്ടിൽ നിന്നും പണം ചെലവഴിച്ചിരിക്കുന്നു. കിഴുവിലം ഗ്രാമപഞ്ചായത്തിനുള്ളിൽ പ്രവർത്തിക്കുന്ന അഞ്ച് ക്ലബ്ബുകൾക്ക് രണ്ട് അലമാരകൾ വീതം വിതരണം ചെയ്യാനായാണ് (അടങ്കൽ 100000/-രൂപ) പദ്ധതി ആവിഷ്കരിച്ചത്. എന്നാൽ, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച അഞ്ച് ക്ലബ്ബുകളിൽ ഒന്ന് (ഫോണിക്സ് ആർട്സ് & സ്പോർട്സ് ക്ലബ്ബ്, കൂന്തള്ളൂർ) പ്രവർത്തനമില്ലാതിരുന്നതിനാൽ അതിനു നൽകേണ്ട അലമാരകൾ മറ്റൊരു ക്ലബ്ബിന് (നിള സ്പോർട്സ് ക്ലബ്ബ്, കൂന്തള്ളൂർ) നൽകാൻ കമ്മിറ്റി തീരുമാനിക്കുകയും നിർവഹണോദ്യോഗസ്ഥയെ അതിനായി ചുമതലപ്പെടുത്തുകയും ചെയ്തു (കമ്മിറ്റി തീരുമാനം നം. II(4) തീ:17.08.16). എന്നാൽ അത് ക്ലബ്ബല്ലെന്നും റസിഡൻസ് അസോസിയേഷനാണെന്നും കണ്ടതിനാൽ രണ്ട് അലമാരകൾ ഇപ്പോഴും വിതരണം ചെയ്യാതെ നിർവഹണോദ്യോഗസ്ഥ സൂക്ഷിച്ചിരിക്കുകയാണ്. കൃത്യമായ ആസൂത്രണമില്ലാതെ മാർഗരേഖ അംഗീകരിക്കാത്ത പദ്ധതി ആവിഷ്കരിച്ച് തനതു ഫണ്ട് ദുർവിനിയോഗം നടത്തുകയാണ് ഇവിടെ ചെയ്തിരിക്കുന്നത്. ക്ലബ്ബുകൾക്ക് നൽകിയതും വിതരണം ചെയ്യാതെ സൂക്ഷിക്കുന്ന തുമായ മുഴുവൻ അലമാരകളും ഉടനടി തിരിച്ചെടുത്ത് പഞ്ചായത്തിന്റെയോ പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയോ ആവശ്യങ്ങൾക്കായി ഉപയോഗിക്കേണ്ടതാണ്.

2) എസ്.ഒ 25/16 (പഞ്ചായത്തുതല സ്കൂൾ കലോത്സവം) - ഈ പദ്ധതിയും 12-ാം പഞ്ചവത്സര പദ്ധതി മാർഗരേഖയ്ക്കു വിരുദ്ധമായി ആസൂത്രണം ചെയ്യപ്പെട്ടതാണ്. പദ്ധതിക്കായി തനതു ഫണ്ടിൽ നിന്നും ഒരു ലക്ഷം രൂപ ചെലവഴിച്ചിരിക്കുന്നു. പഞ്ചായത്തുതല സ്കൂൾ കലോത്സവം നടത്തിപ്പിനായി പഞ്ചായത്തു മെമ്പറായ ശ്രീ വിജുകുമാർ കൺവീനറായി സ്വാഗത സംഘം രൂപീകരിച്ച് പദ്ധതി തുക100000/-രൂപ ഡി.ഡി നം. 508900 തീ: 29.08.15മുഖേന കൺവീനർക്ക് നൽകുകയും കൺവീനർ തുക നേരിട്ട് ചെലവഴിക്കുകയും ചെയ്തു. പഞ്ചായത്തു

മെമ്പർക്ക് സാമ്പത്തിക ക്രയ-വിക്രയാധികാരം പഞ്ചായത്ത് രാജ് നിയമങ്ങൾ അനുവദിച്ചുനൽകിയിട്ടില്ലെന്നിരിക്കെ ഇത്തരത്തിൽ ധന വിനിയോഗം നടത്തിയത് സാധൂകരിക്കത്തക്കതല്ല. എൽ.പി - യു.പി കുട്ടികളുടെ കലാപരവും സർഗാത്മകവുമായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി നടപ്പിലാക്കപ്പെട്ട പദ്ധതി നിയമ പ്രകാരം തയ്യാറാക്കി നിർവഹണോദ്യോഗസ്ഥ നേരിട്ട് നടത്തിയിരുന്നെങ്കിൽ കൂടുതൽ ഫലപ്രദമാകുമായിരുന്നു.

3) എസ്.ഒ 13/16(എസ്.എസ്.എ വിഹിതം-എസ്.സി.പി,)(850000/- രൂപ) എസ്.ഒ 14/16 (എസ്.എസ്.എ വിഹിതം-ജനറൽ) (400000/- രൂപ) എന്നിവയുടെ ധനവിനിയോഗ സാക്ഷ്യപത്രങ്ങൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. അവ എത്രയും വേഗം ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-5 കാർഷികമേഖലയ്ക്ക് പ്രത്യേക പരിഗണന അനിവാര്യം

2015-16 വർഷം കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായി അഞ്ച് പദ്ധതികൾ ആവിഷ്കരിക്കപ്പെട്ടിട്ടുള്ളതിൽ രണ്ട് പദ്ധതികൾ മാത്രമാണ് നിർവ്വഹിച്ചിട്ടുള്ളത്. മട്ടുപ്പാവിൽ പച്ചക്കറി കൃഷി (54/16),ജൈവപച്ചക്കറി കൃഷി (187/16), കൊയ്ത്ത് - മെതിയന്ത്രം വാങ്ങൽ (171/16) എന്നീ പദ്ധതികളുടെ പ്രവർത്തനങ്ങൾ നിറവേറ്റുന്നതിൽ ശരിയായ ആസൂത്രണത്തിന്റെ അഭാവം ഉണ്ടായിട്ടുള്ളതായി കാണുന്നു. വിശദാംശങ്ങൾ താഴെപ്പറയുന്നു.

*1.മട്ടുപ്പാവിൽ പച്ചക്കറി കൃഷി (54/16)അടങ്കൽ തുക - 3,00,000/-*

ഗുണഭോക്താക്കളിൽ നിന്നുള്ള വിഹിതം അടവാക്കാത്തതുമൂലം പദ്ധതി നടപ്പാക്കാനായില്ല എന്ന മറുപടിയാണ് കൃഷി ഓഫീസർ ലഭ്യമാക്കിയിട്ടുള്ളത്.

*2.ജൈവപച്ചക്കറി കൃഷി (187/16)അടങ്കൽ തുക - 2,78,750/-*

ഗ്രാമസഭവഴി തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ലിസ്റ്റ് കൃഷിഭവൻ നിരവധി തവണ ആവശ്യപ്പട്ടിട്ടും ലഭ്യമാക്കിയില്ല എന്ന് കൃഷി ഓഫീസർ അറിയിച്ചു.

*3.കൊയ്ത്ത്- മെതിയന്ത്രം വാങ്ങൽ(171/16) അടങ്കൽ - 26,00,000/-രൂപ*

യന്ത്രം കൈമാറുന്നതിലേക്കായി പഞ്ചായത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്ന പട്ടികജാതി ഗ്രൂപ്പിന്റെ പേരുവിവരങ്ങൾ ആവശ്യപ്പട്ടിട്ടും കൃഷിഭവന് നൽകിയിട്ടില്ല എന്ന് കൃഷി ഓഫീസർ അഭിപ്രായപ്പെട്ടിരിക്കുന്നു. കൂടാതെ, ഈ പദ്ധതി നടപ്പാക്കുന്നതിലെ പ്രായോഗികമായ പ്രശ്നങ്ങളെക്കുറിച്ച് കൃഷി ഓഫീസർ പഞ്ചായത്ത് ഭരണസമിതിയെയും സെക്രട്ടറിയെയും രേഖാമൂലം ബോധ്യപ്പെടുത്തുകയും ടി പദ്ധതിയോടുള്ള തന്റെ വിയോജിപ്പ് 22.12.2016ലെ കത്ത് നം.KBK8/2014 മുഖേന അറിയിക്കുകയും ചെയ്തിട്ടുണ്ട്. ടി പദ്ധതിയുടെ അപ്രായോഗികത കൃഷിഓഫീസർ രേഖാമൂലം വ്യക്തമാക്കിയിട്ടും 2016-17 വർഷവും ഇതേപദ്ധതി സ്പിൽ ഓവറായി നിലനിർത്തിയിട്ടുണ്ട്. വിശദമായ പഠനം നടത്താതെ ഇത്തരം അധിക സാമ്പത്തികബാധ്യത വരുന്ന പദ്ധതികൾ ഏറ്റെടുക്കുന്നത് ഉചിതമല്ല.

കാർഷികമേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുംവിധമുള്ള നൂതനപദ്ധതികൾ നടപ്പാക്കുന്നതിൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. കൂടാതെ കാർഷികമേഖലയുടെ സമഗ്ര വികസനത്തിനായി തുടർനിരീക്ഷണങ്ങൾ സ്വീകരിക്കേണ്ടതാണ്. ബന്ധപ്പെട്ട മോണിട്ടറിംഗ് റിപ്പോർട്ട് കൂടി പദ്ധതികളിൽ ഉൾച്ചേർക്കേണ്ടതാണ്.

## 3-6 അനർഹർക്ക് തൊഴിൽരഹിതവേതനം - പരിശോധിക്കണം

തൊഴിലില്ലായ്മ വേതനം വിതരണം ചെയ്യുന്നതിനായി സൂക്ഷിക്കുന്ന അക്വിറ്റൻസ് രജിസ്റ്റർ ജനനതീയതി, വേതനം അനുവദിച്ച് നൽകിയ തീയതി, വേതനം അനുവദിക്കാവുന്ന കാലയളവ് എന്നിവ ഉൾപ്പെടുത്തി കൂടുതൽ സമഗ്രമാക്കേണ്ടതാണ്. തൊഴിലുറപ്പ് പദ്ധതികളിൽ ഉൾക്കൊള്ളുന്ന വ്യക്തികളെ തൊഴിലില്ലായ്മ വേതനം അനുവദിച്ച് നൽകുന്നതിനായി പരിഗണിക്കാൻ പാടില്ലാത്തതാണ്. അടിയന്തര പ്രാധാന്യത്തോടെ ഈ വിഷയം പരിഗണിക്കേണ്ടതുണ്ട്. 2013-14, 2014-15, 2015-16 വർഷങ്ങളിൽ തൊഴിലില്ലായ്മ വേതനം,തൊഴിലുറപ്പ് പദ്ധതി എന്നീ ഇനങ്ങളിലായി ചെലവ് ചെയ്ത തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൊഴിലില്ലായ്മ വേതനം (രൂപ) | തൊഴിലുറപ്പ് പദ്ധതി (രൂപ) | ആകെ |
|---|---|---|---|
| 2013-14 | 3,80,760 | 30,04,977 | 33,85,737 |
| 2014-15 | 8,11,560 | 3,16,22,334 | 3,24,33,894 |
| 2015-16 | 6,72,840 | 2,36,66,679 | 2,43,39,519 |

## 3-7 തെരുവുവിളക്കുകളുടെ പരിപാലനം - മീറ്ററിംഗ് സംവിധാനം ഇല്ല

പദ്ധതിയുടെപേര് - തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾ
പ്രോജക്ട് നം – 124/2016
അടങ്കൽ തുക – 4,00,000/-രൂ (വികസനഫണ്ട്)
ചെലവ് തുക – 3,93,250/-രൂ

2015-16 വർഷം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതിയിൽ താഴെ പറയും വിധമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കുന്നതിനായി പഞ്ചായത്ത് ഭരണസമിതി ശ്രദ്ധിക്കേണ്ടതാണ്.
1) സ.ഉ.നം 65529/ഡി.സി.3/12 തസ്വഭവ 12.03.2013 പ്രകാരം എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ഓട്ടോമാറ്റിക് തെരുവുവിളക്കുകൾ സ്ഥാപിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ തെരുവുവിളക്കുകൾ പ്രവർത്തിപ്പിക്കുന്നതിനായുള്ള മീറ്ററിംഗ് സംവിധാനം നാളിതുവരെ ഏർപ്പടുത്തിയിട്ടില്ല എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. യഥാർത്ഥ വൈദ്യുതി ഉപഭോഗത്തിനായി ചെലവാക്കുന്ന തുകയുടെ കൃത്യത ഉറപ്പാക്കേണ്ടതാണ്. കറന്റ് ചാർജ്ജിനത്തിൽ 2013 മുതൽക്കുള്ള ചെലവുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ് തുക (രൂപ) |
|---|---|
| 2013-14 | 10,22,755 |
| 2014-15 | 11,75,478 |
| 2015-16 | 12,99,484 |

മീറ്ററിംഗ് സംവിധാനത്തോടുകൂടിയ ബില്ലിംഗ് സംവിധാനത്തിലൂടെ മാത്രമേ ചെലവ് തുകയുടെ കൃത്യത ഉറപ്പാക്കാനാവുകയുള്ളൂ.

2) 2013-14 കാലയളവിൽ 2,49,968/-രൂപയും 2014-15 കാലയളവിൽ 2,49,925/-രൂപയും 2015-16 കാലയളവിൽ 3,93,250/-രൂപയും തെരുവുവിളക്കുകളുടെ അറ്റകുറ്റപണികൾക്കായി ചെലവഴിച്ചിട്ടുണ്ട്. അടുത്തടുത്ത വർഷങ്ങളിലെ പ്രസ്തുത ചെലവുകളുടെ ആത്യന്തികഫലം വളരെ ദയനീയമാണ്. മിക്ക വാർഡുകളിലും സ്ഥാപിച്ചിട്ടുള്ള തെരുവുവിളക്കുകളുടെ തൽസ്ഥിതി തികച്ചും ശോചനീയമാണ്. പല തെരുവുവിളക്കുകളും നശിച്ചതോ ഉപേക്ഷിക്കപ്പെട്ടതോ ആയ നിലയിലുമാണ്. പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ കൂടുതൽ ശുഷ്കാന്തി പുലർത്തേണ്ടതുണ്ട്. കാലാകാലങ്ങളിൽ സ്ഥാപിക്കപ്പെടുന്ന തെരുവുവിളക്കുകളുടെ പരിപാലനത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടത് അത്യാവശ്യമാണ്.

3) പഞ്ചായത്ത് ഡയറക്ടറുടെ 17.08.15-ലെ ഉത്തരവ് നം. ജി2/44274/2015 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തെ മുഴുവൻ തെരുവുവിളക്കുകളുടെ വിവരങ്ങൾ പോസ്റ്റ് നമ്പർ ഉൾപ്പെടെ രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്. കൂടാതെ, ഓരോ വാർഡിലും തെരുവുവിളക്കുകൾ സജ്ജമാക്കിയതിന്റെ രേഖകൾ പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ മോണിറ്ററിംഗ് റിപ്പോർട്ട് സഹിതം ആധികാരിക മാക്കുകയും ചെയ്യേണ്ടതാണ്.

4)തെരുവുവിളക്കു പരിപാലനവുമായി ബന്ധപ്പെട്ട് പഞ്ചായത്ത് ഡയറക്ടറുടെ 17.08.15-ലെ ഉത്തരവ് നം. ജി2/44274/2015 വിഭാവനം ചെയ്യുംവിധമുള്ള പൊതുമാർഗരേഖ നടപ്പിലാക്കുന്നതിന് സത്വര നടപടികൾ

സ്വീകരിക്കേണ്ടതാണ്.

## 3-8 പഞ്ചായത്ത് ഓഫീസ് നവീകരണം- മൾട്ടിപർപ്പസ് സ്കാനർ വാങ്ങൽ - ഫണ്ടിന്റെ ദുർവിനിയോഗം

പദ്ധതി നം. - 128/16 പഞ്ചായത്ത് ഓഫീസ് നവീകരണം

അടങ്കൽ തുക - 246870/- (ലോകബാങ്ക് സഹായം-131649/-,ധനകാര്യ കമ്മീഷൻ അവാർഡ് - 115221/-)

ചെലവ് - 149560/-(131649/-+17911/-) DD No.695469/5.4.16&695466/5.4.16

ടി വാങ്ങലുമായി ബന്ധപ്പെട്ട പ്രധാന അപാകങ്ങളും നിർദ്ദേശങ്ങളും ചുവടെ ചേർക്കുന്നു.

1) 6.4.16-ന് വാങ്ങിയ മൾട്ടി-ഫങ്ഷൻ സ്കാനർ നാളിതുവരെ ഇൻസ്റ്റാൾ ചെയ്യാതെ സൂക്ഷിച്ചിരിക്കുന്നതായി കാണുന്നു. 2015-16 വർഷത്തെ പദ്ധതിയിലുൾപ്പെടുത്തി വാങ്ങിയ ടി ഉപകരണം ഇപ്രകാരം സൂക്ഷിച്ചിരിക്കുന്നതിനുള്ള വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് ലഭ്യമാക്കിയ മറുപടി, ലോകബാങ്ക് സഹായം അടിയന്തരമായി ചെലവഴിക്കേണ്ട സാഹചര്യം ഉണ്ടായിരുന്നതുകൊണ്ടാണ് 2015-16-ൽ തന്നെ സ്കാനർ വാങ്ങിയത് എന്നാണ്.

2) ടെണ്ടർനടപടികളിൽ മൂന്ന് സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിലും സ്കാനർ മാത്രമായുള്ള വാങ്ങലിനെ സംബന്ധിച്ച തുക ക്വാട്ട് ചെയ്തത് സിഗ്മ സൊല്യൂഷൽസ് എന്ന സ്ഥാപനം മാത്രമാണ്. ഏതു മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ടി സ്ഥാപനത്തെ തെരഞ്ഞെടുത്തത് എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണക്കുറിപ്പിന് നല്കിയ മറുപടി - "ഏറ്റവും കുറഞ്ഞ തുക ക്വാട്ടുചെയ്ത സ്ഥാപനം"- എന്നാണ്. ഫയൽരേഖകളിൽ സ്കാനർ മാത്രമായുള്ള വാങ്ങലിനെ സംബന്ധിച്ച തുക ക്വാട്ട് ചെയ്തത് സിഗ്മ സൊല്യൂഷൽസ് എന്ന സ്ഥാപനം മാത്രമാണ്. നൽകിയിരിക്കുന്ന മറുപടി തൃപ്തികരമല്ല.

3) പഞ്ചായത്ത് ടെക്നിക്കൽ അസിസ്റ്റന്റിന്റെ റിപ്പോർട്ട് പ്രകാരം ഇത്തരം മൾട്ടിഫങ്ഷൻ സ്കാനർ വൻകിട സ്ഥാപനങ്ങളിൽ മാത്രമേ ആവശ്യമുള്ളൂ എന്നും പഞ്ചായത്തിന്റെ പ്രവർത്തനത്തിന് ആവശ്യമില്ല എന്നുമിരിക്കെ പർച്ചേസ് നടപടിയുമായി മുന്നോട്ട് പോയതിനുള്ള വിശദീകരണം നൽകുക എന്നതിന്, ISO അംഗീകാരം ലഭിക്കേണ്ടതിനാലും ലോകബാങ്ക് വിഹിതം തൻവർഷം തന്നെ ചെലവഴിക്കേണ്ടതിനാലും വാങ്ങി എന്ന മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്.

4) ഫ്രണ്ട് ഓഫീസിൽ വരുന്ന അപേക്ഷകൾ സ്കാൻ ചെയ്ത് സൂചിക ആപ്ലിക്കേഷനിൽ നൽകുക എന്ന പ്രവർത്തനത്തിന് ഇത്രയും അത്യന്താധുനിക സംവിധാനത്തിന്റെ ആവശ്യമില്ലാതിരിക്കെ ശരിയായ പഠനം നടത്താതെ വാങ്ങൽ നടത്തിയിരിക്കുന്നു.

5) നിലവിൽ പ്രവർത്തനക്ഷമമായ പ്രിന്ററുകളും സ്കാനറുകളും ഉള്ളനിലയ്ക്ക് ബൃഹത് സംവിധാനം നിലനിർത്തിക്കൊണ്ട് ഇത്തരം ഉദ്യമത്തിന് തുനിഞ്ഞത് ഫണ്ടിന്റെ ദീർഘവീക്ഷണമില്ലാത്ത അനാവശ്യ ചെലവായി ഓഡിറ്റ് വിലയിരുത്തുന്നു. പദ്ധതിപ്രകാരം 06.04.2016 ന് വാങ്ങിയ സ്കാനർ ഓഡിറ്റ് തീയതിയായ 02.12.2016 ലും ഇൻസ്റ്റാൾ ചെയ്യപ്പെട്ടിട്ടില്ല. രണ്ട് വർഷം വാറണ്ടി എന്ന ആനുകൂല്യത്തിന്റെ എട്ട് മാസം ഇപ്പോൾതന്നെ നഷ്ടമായിരിക്കുകയാണ്.

6) DGS&D Rate സംവിധാനത്തിന്റെ സാധ്യതകൾ പരിശോധിച്ചിട്ടുള്ളതായി കാണുന്നില്ല.

7) ശരിയായ ആസൂത്രണത്തിന്റെയും പഠനത്തിന്റെയും ആവശ്യകതയുടെയും അടിസ്ഥാന ത്തിൽ പദ്ധതികൾ വിഭാവനം ചെയ്യേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി - കുടുംബശ്രീഫണ്ട് പഞ്ചായത്തിന്റെ തനതു ഫണ്ടിലേക്ക് വകമാറ്റി - തുടർസേവന പ്രവർത്തനങ്ങൾ അവതാളത്തിൽ

ജനക്ഷേമപദ്ധതിയായ ആശ്രയ ലക്ഷ്യമിട്ട പ്രവർത്തനങ്ങൾ പൂർണതോതിൽ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഭരണസമിതി കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്. 2007-2010-ൽ 183 ഗുണഭോക്താക്കളെ ഉൾപ്പെടുത്തിക്കൊണ്ട് ആരംഭിച്ച ഈ പദ്ധതിയുടെ തുടർ സേവനപ്രവർത്തനങ്ങൾ നിലച്ച നിലയിലാണ്. പദ്ധതിയിൽ നിലവിൽ ആകെ 32 കുടുംബങ്ങളിലായി 80 ഗുണഭോക്താക്കളുണ്ട്. കുടുംബശ്രീ ചലഞ്ച് ഫണ്ടിനത്തിൽ 25.02.2010-ൽ 621503-ാം നമ്പർ ഡി.ഡി മുഖേന ലഭിച്ച 10,00,000/-രൂപ പഞ്ചായത്തിന്റെ തനതുഫണ്ടിൽ പദ്ധതി മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി നിക്ഷേപിക്കുകയും പല തവണകളിലായി തുക ചലഞ്ച് ഫണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയും ചെയ്തിട്ടുള്ളതായി കണ്ടു. 700000/-രൂ 29.02.2016 ന് മാത്രമാണ് ചലഞ്ച് ഫണ്ടിനത്തിലേക്ക് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. 2,15,000/-രൂ ഭവന നിർമ്മാണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. ദീർഘകാലയളവിൽ തുകയുടെ സിംഹഭാഗവും പഞ്ചായത്തിന്റെ ഫണ്ടിൽ നിലനിർത്തിയതുമൂലം ആശ്രയഫണ്ടിലേക്ക് കിട്ടാനുള്ള പലിശയിനത്തിലുള്ള തുക നഷ്ടമായ സ്ഥിതിയിലാണ്. ആശ്രയഫണ്ടിലേക്ക് ലഭിച്ച അവശേഷിക്കുന്ന തുക ഉപയോഗിച്ച് തുടർ സേവനപ്രവർത്തനങ്ങൾ നടത്തുന്നതിലേക്കായി തുടർ സേവനപ്രോജക്ട് കുടുംബശ്രീ മിഷന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നെങ്കിലും ചലഞ്ച് ഫണ്ടിനോടോപ്പം പദ്ധതിവിഹിതം വകയിരുത്താത്തതുമൂലം സംസ്ഥാനമിഷന്റെ അംഗീകാരം നാളിതുവരെ ലഭ്യമായിട്ടില്ല. സമൂഹത്തിലെ അശരണരും ആലംബഹീനരുമായ ആളുകളുടെ ഉന്നമനം ഉറപ്പുവരുത്തുംവിധം ആശ്രയ മാർഗ്ഗരേഖ വിഭാവനം ചെയ്യുംവിധമുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിൽ കൂടുതൽ മുൻഗണന നൽകേണ്ടതാണ്. ഇതിലേയ്ക്കായി പഞ്ചായത്ത് ഭരണസമിതിയുടെ അടിയന്തര ഇടപെടൽ അനിവാര്യമാണ്.

## 3-10 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി - അവലോകനം

2015-16 സാമ്പത്തിക വർഷത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം 79 പദ്ധതികൾ ആംഗീകരിച്ചുവെങ്കിലും 49 പ്രവൃത്തികൾ മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത്. ഭൂവികസനം, ജല സ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നിവയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്. ഗ്രാമപഞ്ചായത്തിന് കീഴിൽ 2015-16ൽ 238 പേർക്ക് തൊഴിൽ കാർഡ് വിതരണം ചെയ്തിട്ടുണ്ട്. 1841 കുടുംബങ്ങളാണ് തൊഴിലുറപ്പ് പദ്ധതിയിൽ കീഴിൽ പണിയെടുത്തത്. 713 കുടുംബങ്ങൾക്ക് മാത്രമാണ് 100 തൊഴിൽ ദിനങ്ങൾ നൽകിയിട്ടുള്ളത്.

2015-16 സാമ്പത്തിക വർഷത്തെ ക്യാഷ് ബുക്കും ആസ്തി രജിസ്റ്ററും തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. 2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം നിഷ്കർഷിക്കുന്ന പ്രകാരം വേതനത്തിനാനുപാതികമായി ആസ്തികൾ സൃഷ്ടിക്കുന്നുവെന്ന് ഉറപ്പ് വരുത്തി പദ്ധതികൾ ഏറ്റെടുത്ത് നടപ്പിലാക്കേണ്ടതാണ്.

## 3-11 കമ്മിറ്റി തീരുമാനങ്ങൾ നടപ്പിലാക്കുന്നതിൽ കാര്യക്ഷമത പുലർത്തുന്നില്ല.

കിഴവിലം ഗ്രാമപഞ്ചായത്തിന്റെ ഭരണസമിതി 2015-16 സാമ്പത്തിക വർഷത്തിൽ എടുത്ത ചുവടെ പറയുന്ന തീരുമാനങ്ങളിൻമേൽ (അവലംബം-മിനിട്സ് -2015-16) എടുത്ത തുടർ നടപടികൾ എന്തൊക്കെയാണ് അറിയിക്കുവാൻ 1-ാം നംപർ ഓഡിറ്റ് അന്വേഷണ ക്കുറിപ്പിലൂടെ ആവശ്യപ്പെട്ടിരുന്നെങ്കിലും അവയ്ക്ക് എല്ലാം വ്യക്തമായ മറുപടി നൽകുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. സുപ്രധാനങ്ങളായ പല തീരുമാനങ്ങളിൻമേലും തുടർ നടപടികളുമായി മുന്നോട്ട് പോകുവാനും അവ യാഥാർത്ഥ്യമാക്കുവാനും പഞ്ചായത്തിന് കഴിയാതിരുന്നത് കാര്യക്ഷമതയില്ലായ്മയിലേക്ക് വിരൽ ചൂണ്ടുന്നു.

| ക്രമ നം. | തീരുമാനം നമ്പരും തീയതിയും | തീരുമാനം | മറുപടി | ഓഡിറ്റ് വിലയിരുത്തൽ |
|---|---|---|---|---|
| 1 | 11(8) 16.4.15 | 20 ഹെക്ടർ സ്ഥലത്ത് കൃഷിക്കുള്ള നെൽവിത്ത് പാടശേഖര സമിതികൾക്കും | കൃഷിഓഫീസറിൽ നിന്ന് റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് വിശദീകരണം നൽകുന്നതാണ്. | 20 ഹെക്ടർ സ്ഥലത്ത് കൃഷിക്കുള്ള നെൽവിത്ത് പാടശേഖര സമിതികൾക്കും വ്യക്തികൾക്കും നൽകാൻ തീരുമാനിച്ചിരു ന്നെങ്കിലും 2 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള |

| | | | | |
|---|---|---|---|---|
| | | വ്യക്തികൾക്കും നൽകുക | | നെൽവിത്ത് മാത്രമേ വിതരണം ചെയ്തിട്ടുള്ളൂ. ബാക്കി 18 ഹെക്ടർ സ്ഥലത്തേയ്ക്കുള്ള നെൽവിത്ത് എന്തു ചെയ്തെന്ന് രേഖകളില്ലാത്തതിനാൽ പാഴ്ചെലവാണെന്ന് കാണുന്നു. |
| 2 | VII(1) 08.01.16 | കുടുംബശ്രീ ചലഞ്ച് ഫണ്ട് 700000/- രൂപ തനതു ഫണ്ടിലേയ്ക്ക് വക മാറ്റുക | - | 700000/- രൂപ 27.2.16 ന് മാത്രമാണ് സി.ഡി.എസിന് നൽകിയിട്ടുള്ളത്. പലിശ ഇനത്തിലെ നഷ്ടവും അർഹർക്ക് പ്രയോജനം ലഭിച്ചില്ലെന്നതും കണക്കിലെടുത്ത് ലക്ഷ്യം കൈവരിച്ചിട്ടില്ലെന്ന് വിലയിരുത്തുന്നു. |
| 3 | IX(1) 08.01.16 | പശ്ചിമ ഘട്ട വികസന പദ്ധതി പ്രവർത്തനം തൃപ്തികരമല്ലാത്തതിനാൽ പ്രവർത്ത നങ്ങൾ അടിയന്തി രമായി നടപ്പിലാ ക്കാൻ കൃഷി ഓഫീസറെ ചുമതലപ്പെടുത്തി | പഞ്ചായത്ത് കമ്മിറ്റിയുടെ ശിപാർശയും പ്രൊപ്പോസലും ലഭിച്ചിട്ടില്ല | പശ്ചിമഘട്ട വികസന പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച് നൽകിയ മറുപടി തൃപ്തികരമല്ല. പദ്ധതി നടപ്പാക്കുന്നതിൽ വേണ്ടത്ര പുരോഗതി കൈവരിച്ചിട്ടില്ലെന്ന് ഇത് സൂചിപ്പിക്കുന്നു. |
| 4 | V(4) 24.02.16 | വനിതകൾക്കുള്ള മൾട്ടിമീഡിയ കോഴ്സ് | അപേക്ഷകൾ ലഭിച്ചിട്ടില്ല | മൾട്ടിമീഡിയ കോഴ്സിന് പഞ്ചായത്തിലെ വനിതകൾക്ക് ലഭിക്കേണ്ടിയിരുന്ന അവസരം പ്രയോജനപ്പെടുത്തിയില്ല |

കമ്മിറ്റി തീരുമാനങ്ങൾ സമയബന്ധിതമായി നടപ്പിൽ വരുത്താൻ ശ്രദ്ധിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

### 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

### 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | - | 17700000 | 7419550 | 3940000 | - | 3479550 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | ഇല്ല |
| തൻവർഷം നിക്ഷേപിച്ച തുക | " |
| ആകെ | " |
| തന്നാണ്ടിൽ പിൻവലിച്ച തുക | " |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | " |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം.

| സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം | ഖണ്ഡിക | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|
| 2013-14 | 5.2.4(6),(7),(9),(11),(16),(18) | ഭാഗികമായി പരിഹരിക്കപ്പെട്ടിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 86224436/- (മുന്നിരിപ്പ് ഉൾപ്പെടെ) |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 67186227/- |
| വരവിനങ്ങളിലുള്ള നഷ്ടം | : | - |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | - |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 - 2008-09 | നം.എൽ.എഫ്.റ്റി.6(സി)/642/01 തീ.13.06.14<br>(ഓഡിറ്റ് അദാലത്ത്) | 49 |
| 2009-10, 2010-11 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.8/1151/2014 തീ: 10.06.14 | 13 |
| 2011-12 | നം.എൽ.എഫ്.റ്റി.ഡി.ജി.പി.8/365/2014 തീ: 26.04.14 | 2 |
| 2012-13 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി..8/1443/2014 തീ: 10.09.15 | 16 |
| 2013-14 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി..8/375/2016 തീ: 02.03.16 | 28 |
| 2014-15 | നം.കെ.എസ്.എ.റ്റി.വി.എം.ജി.പി..8/1206/2016 തീ: 17.07.16 | 13 |

(ഒപ്പ്)

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994- ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994- ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ കിഴുവിലം ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും താഴെ പറയുന്ന അപാകവും ഒഴികെ, കിഴവിലം ഗ്രാമപഞ്ചായത്തിന്റെ 2015-16-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

അപാകം

1) വാർഷിക ധനകാര്യ പത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചറിൽ എം.ജി.എൻ.ആർ.ഇ. ജി.എസ് വരവു തുകയിൽ ബാങ്ക് പലിശ ഇനത്തിലെ വരവായ 679/- രൂപ ഉൾപ്പെടുത്തിയിട്ടില്ല.

(ഒപ്പ്)
ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്